കവിത

# സുകൃത ജീവിതം



കൊല്ലം തെൽമ, ടെക്സസ്

**ആ**ർത്തിക്കതിർത്തിയില്ലാത്ത മർത്യൻ
നെട്ടോട്ടമോടുന്നിതർത്ഥം നേടാൻ.
സമ്പത്തതേറുമ്പോൾ അർത്ഥമില്ലാ-
ജീവിതം വ്യർത്ഥമെന്നറിക.
സമ്പാദ്യമെങ്ങങ്ങ് നിൻ മനവും
നിദ്രാവിഹീനം വിഭ്രാന്തരാവ്...

പുലർകാലെയുണർന്നേറ്റം പരിശ്രമിച്ചും
രാവോളമത്യന്തം വേലചെയ്തും
ഏറെ വലഞ്ഞങ്ങ് വിശ്രമിപ്പാൻ നിനയ്ക്കെ,
നിൻ അന്ത്യംസമാഗതമാകിലെന്തുചെയ്യും?
അർത്ഥസമ്പാദ്യങ്ങളനുഗമിക്കില്ല,
നെട്ടോട്ടമീയോട്ടങ്ങളൊക്കെയും
നീർക്കയത്തിലെ പരിശ്രമങ്ങൾ!
മാത്രയൊന്നുപോലും വേണ്ട
മരണപാശംമുറുകിപ്പിരിഞ്ഞുപോകാൻ.
മാറും സകലവും മാറില്ല മരണമത്-
ജീവിവർഗ്ഗങ്ങൾക്കുമേൽനിന്നതുലക സത്യം!
ലോകമതാകവെ നേടിയാലും
ലോകൈക വീരനായ് മാറിയാലും
മൂകമായന്ത്യംപിടിമുറുക്കും...
സദ്ക്രിയാകീർത്തികൾ ബാക്കിനിൽക്കും.

മെച്ചമതേതെന്നുറച്ചീടുക;
തുച്ഛമീ ലൗകീക ജീവിതമോ?
പേരാളും സദ്കർമ്മ ജീവിതമോ..?
ലോകമതാകവെ നേടിയാലും
ലോകൈക വീരനായ് മാറിയാലും
മൂകമായന്ത്യംപിടിമുറുക്കും...
സദ്ക്രിയാകീർത്തികൾ ബാക്കിനിൽക്കും.